# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5473

2016 നവംബർ 20ം തീയതി മറുപടി നൽകേണ്ടത്

## ഏറനാട് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

| ചോദ്യം<br>ശ്രീ. പി.കെ.ബഷീർ | മറുപടി<br>ഡോ. റ്റി. എം. തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| എ) 2016-17 ബഡ്ജറ്റ് പ്രകാരം ഏറനാട് മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് തുക വകയിരുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ; | 2016-17 സാമ്പത്തിക വർഷം എംഎൽഎ-യുടെ ആസ്തിവികസന പദ്ധതിയിൻകീഴിൽ ഏറനാട് നിയോജകമണ്ഡലത്തിലേയ്ക്കായി 5 കോടി രൂപയും പ്രത്യേക വികസനനിധിയിലേയ്ക്കായി 1 കോടി രൂപ 4250-00-800-99 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. അതിൽ നിന്നും എഴുപത്തിയഞ്ച് ലക്ഷം രൂപ ജില്ലാ കളക്ടർക്ക് റിലീസ് ചെയ്തിട്ടുണ്ട്. മണ്ഡലത്തിലെ മറ്റ് പ്രവൃത്തികളെകുറിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു. |
| ബി) പ്രസ്തുത ബഡ്ജറ്റിൽ പ്രഖ്യാപിച്ച മണ്ഡലത്തിലെ പദ്ധതികളിൽ 'കിഫ്ബി' വഴി നിർവ്വഹിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ് ; വിശദമാക്കുമോ;<br>സി) ഇവയുടെ ഭരണാനുമതിക്കുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ? | സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളെയാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജക മണ്ഡലത്തെയോ, ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. സർക്കാർ അനുമതി നൽകുന്ന പദ്ധതികളാണ് DPR അടക്കമുള്ള വിശദമായ രേഖകൾ സഹിതം ബോർഡിന്റെ പരിഗണനയ്ക്ക് വരുന്നത്. ഈ ബോർഡിന്റെ അന്തിമ അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്കാണ് കിഫ്ബി വഴി ധനസഹായം ലഭ്യമാക്കുക. ഈ ഘട്ടത്തിൽ മാത്രമേ പ്രവൃത്തികളെ സംബന്ധിച്ച പൂർണ്ണ വിവരം ലഭ്യമാകുകയുള്ളൂ. |

Manjushree

അക്കൗണ്ട്സ് ഓഫീസർ